(ഡി)

1. നെയ്യാറ്റിൻകര
2. ബാലരാമപുരം പി.എസ്. അതിർത്തിയിൽ കട്ടച്ചൽകുഴി
3. പൂന്തുറ പി.എസ്. അതിർത്തിയിൽ മുട്ടത്തറ
4. കരുനാഗപ്പള്ളി പി.എസ്. അതിർത്തിയിൽ കൊച്ചുമാമൂട്
5. കൊല്ലത്ത് ഉളിയകോവിൽ
6. കൊല്ലത്ത് വൈദ്യശാല മുക്ക്
7. പാരിപ്പള്ളി പി.എസ്. അതിർത്തിയിൽ കല്ലുവാതുക്കൽ
8. അടൂർ പി.എസ്. അതിർത്തിയിൽ പൂത്താക്കര
9. ആറന്മുള പി.എസ്. അതിർത്തിയിൽ വെള്ളന
10. മുഹമ്മ പി. എസ്. അതിർത്തിയിൽ വളവനാട്, പാതിരാമണൽ
11. ചെങ്ങന്നൂർ പി.എസ്. അതിർത്തിയിൽ ചെങ്ങന്നൂർ ടൗൺ
12. പനങ്ങാട് പി. എസ്. അതിർത്തിയിൽ നെട്ടൂർ ജംഗ്ഷൻ

(ഇ) 13 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) ഏഴു കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആറ് കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ജി) മൊത്തം 56750 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(എച്ച്) ധനസഹായം നൽകിയിട്ടില്ല. അതിനായി യാതൊരുവിധ അപേക്ഷയും സർക്കാരിന് ലഭിച്ചിട്ടില്ല.

ദേവാലയ മോഷണങ്ങൾ

148 (150) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ദേവാലയ മോഷണങ്ങൾ നടന്നു ;

(ബി) ഇതിൽ ക്ഷേത്രങ്ങളിലും പള്ളികളിലും മോസ്കുകളിലും മറ്റുമതസ്ഥരുടെ ദേവാലയങ്ങളിലും എത്ര മോഷണങ്ങൾ വീതം നടന്നു ;

(സി) ഈ ഒരോ മതസ്ഥരുടേയും ആരാധനാലയങ്ങളിലെ മോഷണങ്ങൾ വഴി എന്തു തുകയ്ക്കുള്ള നഷ്ടമുണ്ടായിട്ടുണ്ട് ;

(ഡി) ഈ കാലത്ത് എത്ര പള്ളികളിൽ വിശുദ്ധ വസ്തുക്കൾ അലങ്കോലപ്പെടുത്തപ്പെട്ടു ;

നക്ഷത്രചിഹ്നമിടാത്ത 149-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കാലത്ത് മോഷ്ടിക്കപ്പെട്ടതോ അനധികൃതമായി വച്ചു കൊണ്ടിരുന്നതോ ആയ എത്ര പഞ്ചലോഹ വിഗ്രഹങ്ങളും മറ്റു ക്ഷേത്ര വിഗ്രഹങ്ങളും കണ്ടെടുത്തു ?

ഉത്തരം

(എ) '1503' മോഷണങ്ങൾ

(ബി) ക്ഷേത്രങ്ങളിൽ 1004
പള്ളികളിൽ 424
മോസ്കുകളിൽ 75
മറ്റു മതസ്ഥർ ഇല്ല

(സി) കേസ് അന്വേഷണം പൂർത്തിയായാൽ മാത്രമേ നഷ്ടത്തിന്റെ കണക്ക് പൂർണ്ണമായും ലഭ്യമാകുകയുള്ളൂ.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) 27 പഞ്ചലോഹ വിഗ്രഹങ്ങളും മറ്റു ക്ഷേത്രവിഗ്രഹങ്ങളും കണ്ടെടുത്തിട്ടുണ്ട്.

മദ്യദുരന്തത്തിനിടയാക്കിയ മദ്യം

149 (151) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലുവാതുക്കൽ-പള്ളിക്കൽ മദ്യദുരന്തത്തിനിടയാക്കിയ മദ്യം സംസ്ഥാനത്ത് കൊണ്ടുവന്നതാരാണ് ;

(ബി) പ്രസ്തുത ആളിനെ പിടികിട്ടിയോ ;

(സി) ഇയാൾക്ക് കായംകുളവുമായുള്ള ബന്ധം എന്താണ് ;

(ഡി) ഇയാൾക്ക് കായംകുളത്ത് ആരെല്ലാമായി ബന്ധമുണ്ടെന്ന് അന്വേഷിച്ചുവോ ;

(ഇ) എങ്കിൽ അവിടെ ഇയാൾക്ക് ആരെല്ലാമായി ബന്ധമുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) മദ്യദുരന്തത്തിനിടയാക്കിയ വിഷാംശം കലർന്ന മദ്യം മാംഗ്ലൂരിൽ നിന്ന് അനിൽകുമാർ എന്നയാളാണ് ആറ്റിങ്ങൽ-ചിറയിൻകീഴ് പ്രദേശത്ത് കൊണ്ടുവന്നത്.

(ബി) അറസ്റ്റു ചെയ്തു.

(സി) ഇയാളുടെ സ്വദേശം കായംകുളമാണ്.

(ഡി) അന്വേഷിച്ചു.

LIBRARY ARCHIVES Kerala Legislative Assembly